ഖുർആനിനെ കണ്ടെത്തൽ

ചെറിയമുണ്ടം അബ്ദുൽഹമീദ്

**അധ്യായം 2, അൽബഖറ**

# നിഷിദ്ധസമ്പാദ്യവും വിചിത്രസമ്പ്രദായങ്ങളും

١٨٨ وَلَا تَأْكُلُوٓا۟ أَمْوَٰلَكُم بَيْنَكُم بِٱلْبَٰطِلِ وَتُدْلُوا۟
بِهَآ إِلَى ٱلْحُكَّامِ لِتَأْكُلُوا۟ فَرِيقًا مِّنْ
أَمْوَٰلِ ٱلنَّاسِ بِٱلْإِثْمِ وَأَنتُمْ تَعْلَمُونَ ﴿١٨٨﴾

നിങ്ങളുടെ സ്വത്തുക്കൾ നിങ്ങൾ അന്യോന്യം അന്യായമായി കൈവശപ്പെടുത്തി ഭുജിക്കരുത്. അറിഞ്ഞുകൊണ്ട് തന്നെ, ജനങ്ങളുടെ സ്വത്തുക്കളിൽ നിന്ന് ഒരുഭാഗം അധാർമികമായി നേടിയെടുത്തു തിന്നാൻ വേണ്ടി നിങ്ങൾ അതുമായി വിധികർത്താക്കളെ സമീപിക്കുകയും ചെയ്യരുത്.

١٨٩ يَسْـَٔلُونَكَ عَنِ ٱلْأَهِلَّةِ ۖ قُلْ هِىَ مَوَٰقِيتُ
لِلنَّاسِ وَٱلْحَجِّ ۗ وَلَيْسَ ٱلْبِرُّ بِأَن تَأْتُوا۟
ٱلْبُيُوتَ مِن ظُهُورِهَا وَلَٰكِنَّ ٱلْبِرَّ مَنِ
ٱتَّقَىٰ ۗ وَأْتُوا۟ ٱلْبُيُوتَ مِنْ أَبْوَٰبِهَا ۚ
وَٱتَّقُوا۟ ٱللَّهَ لَعَلَّكُمْ تُفْلِحُونَ ﴿١٨٩﴾

(നബിയേ), നിന്നോടവർ ചന്ദ്രക്കലകളെക്കുറിച്ച് ചോദിക്കുന്നു. പറയുക: മനുഷ്യരുടെ ആവശ്യങ്ങൾക്കും ഹജ്ജ് തീർഥാടനത്തിനും കാലനിർണയത്തിനുള്ള ഉപാധികളാകുന്നു അവ. നിങ്ങൾ വീടുകളിലേക്ക് പിൻവശങ്ങളിലൂടെ ചെല്ലുന്നതിലല്ല പുണ്യമുള്ളത്. പ്രത്യുത ദോഷബാധയെ സൂക്ഷിച്ചവനത്രെ പുണ്യവാൻ. നിങ്ങൾ വീടുകളിൽ അവയുടെ വാതിലുകളിലൂടെ തന്നെ ചെല്ലൂ. മോക്ഷം കൈവരിക്കാൻ വേണ്ടി നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും ചെയ്യുക.

لاَ تَأْكُلُوا നിങ്ങൾ തിന്നരുത് (ഭൂ.ക്രി اَكَلَ), اَمْوَالٌ സ്വത്തുക്കൾ (ഏ.വ مَالٌ), بَاطِلٌ അന്യായം, സത്യവിരുദ്ധം, بَيْنَكُمْ നിങ്ങൾ തമ്മിൽ, നിങ്ങൾക്കിടയിൽ, تُدْلُوا നിങ്ങൾ താഴോട്ടിറക്കുക, അടുത്തെത്തിക്കുക (ഭൂ.ക്രി اَدْلَى), حُكَّامٌ വിധി കർത്താക്കൾ, ന്യായാധിപന്മാർ (ഏ.വ حَاكِمٌ), لِتَأْكُلُوا നിങ്ങൾ ഭുജിക്കാൻവേണ്ടി, فَرِيقٌ ഒരു ഭാഗം/വിഭാഗം, اِثْمٌ പാപം, അധർമം, تَعْلَمُونَ നിങ്ങൾ അറിയുന്നു (ഭൂ.ക്രി عَلِمَ), يَسْأَلُونَ അവർ ചോദിക്കുന്നു (ഭൂ.ക്രി سَأَلَ), اَهِلَّةٌ ചന്ദ്രക്കലകൾ, പിറവിചന്ദ്രന്മാർ (ഏ.വ هِلَالٌ), مَوَاقِيتُ സമയനിർണയോപാധികൾ, നിശ്ചിത സമയങ്ങൾ/സ്ഥലങ്ങൾ (ഏ.വ مِيقَاتٌ), لِلنَّاسِ ജനങ്ങൾക്ക്, بِرٌّ പുണ്യം, പുണ്യവാൻ, اَنْ تَأْتُوا നിങ്ങൾ ചെല്ലുക/വരുക (ഭൂ.ക്രി أَتَى), بُيُوتٌ വീടുകൾ (ഏ.വ بَيْتٌ), ظُهُورٌ പുറഭാഗങ്ങൾ, പിൻവശങ്ങൾ (ഏ. വ ظَهْرٌ), لَكِنَّ എങ്കിലും, പക്ഷേ, പ്രത്യുത, اِتَّقَى സൂക്ഷ്മതപാലിച്ചു, കാത്തുസൂക്ഷിച്ചു, اِئْتُوا നിങ്ങൾ ചെല്ലൂ/വരൂ, اَبْوَابٌ വാതിലുകൾ, കവാടങ്ങൾ (ഏ.വ بَابٌ), اِتَّقُوا നിങ്ങൾ സൂക്ഷിക്കൂ, (اِتَّقَىയുടെ കൽപനാക്രിയ), تُفْلِحُونَ നിങ്ങൾ മോക്ഷം പ്രാപിക്കും, വിജയിക്കും, (ഭൂ.ക്രി اَفْلَحَ)

അല്ലാഹു അനുവദിച്ച ആഹാരപാനീയങ്ങൾ തന്നെ അവന്റെ പ്രീതികാംക്ഷിച്ചുകൊണ്ട് റമദാനിലെ പകലുകളിൽ വർജിക്കണമെന്ന് വിധിച്ചത്, നിഷിദ്ധമായ ആഹാരപാനീയങ്ങൾ ജീവിതകാലം മുഴുവൻ പരിത്യജിക്കുന്നതിന് വ്രതം പ്രചോദനമേകാൻ വേണ്ടിയാണ്. "സത്യവിരുദ്ധമായ വാക്കും പ്രവൃത്തിയും വർജിക്കാത്തവൻ (നോമ്പുനോറ്റുകൊണ്ട്) തീറ്റയും കുടിയും ഉപേക്ഷിക്കുന്നതിൽ അല്ലാഹുവിന് യാതൊരാവശ്യവുമില്ല" എന്ന് റസൂൽ(സ) പറഞ്ഞതായി അബൂഹുറയ്റ(റ)യിൽനിന്ന് ബുഖാരിയും അബൂദാവൂദും തിർമിദിയും മറ്റും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അധികമാളുകളും കള്ളംപറയുന്നതും സത്യവിരുദ്ധമായ പ്രവൃത്തികളിൽ ഏർപ്പെടുന്നതും സാമ്പത്തികനേട്ടങ്ങൾക്കു വേണ്ടിയാണ്. സമ്പത്ത് നേടുന്നത് പ്രധാനമായും ഉപഭോഗ ആവശ്യങ്ങൾക്കുവേണ്ടിയത്രെ. ആ

സ്വാദ്യമായ ആഹാരപാനീയങ്ങളാണ് ഉപഭോഗവസ്തുക്കളിൽ മുഖ്യമായത്. നമസ്കരിക്കുകയും സകാത്തും നോമ്പും നിർവഹിക്കുകയും ചെയ്യുന്ന വിശ്വാസികൾ പോലും അന്യായ ധനസമ്പാദനം പൂർണമായി വെടിയാൻ വൈമനസ്യം കാണിക്കുന്നതായാണ് അനുഭവം.

നമസ്കാരവും നോമ്പും നിർവഹിക്കുന്ന ചിലർ പോലും പലിശവാങ്ങുകയോ അനിവാര്യമല്ലാത്ത കാര്യത്തിനുവേണ്ടി പലിശ വ്യവസ്ഥയിൽ ലോണെടുക്കുകയോ ചെയ്യുന്നു. ലോട്ടറിടിക്കറ്റ് വാങ്ങുകയും സമ്മാനത്തുക കൈപ്പറ്റുകയും ചെയ്യുന്നു. പാൻമസാലകളും സിഗരറ്റും പോലെ ആരോഗ്യത്തിന് ഹാനികരമാണെന്ന് ഉറപ്പുള്ള സാധനങ്ങൾ വിറ്റുലാഭമുണ്ടാക്കുന്നു. മായംചേർത്ത ഭക്ഷ്യവസ്തുക്കൾ, സത്യം വെളിപ്പെടുത്തുകയോ ദോഷഫലങ്ങളെക്കുറിച്ച് മുന്നറിയിപ്പ് നൽകുകയോ ചെയ്യാതെ വിറ്റഴിക്കുന്നു. അനാഥകളുടെയും നിരാലംബരുടെയും ധനം അപഹരിക്കുന്നു. വഖ്ഫുകളുടെയും അമാനത്തുകളുടെയും കാര്യത്തിൽ വിശ്വസ്തത പുലർത്താതിരിക്കുന്നു. കടം വാങ്ങിയത് തിരിച്ചുകൊടുക്കാതിരിക്കുന്നു. കള്ളക്കേസ് കൊടുത്ത് അന്യരുടെ സ്വത്ത് കയ്യടക്കുന്നു. അതിനാൽ നോമ്പിനെ സംബന്ധിച്ച സൂക്തങ്ങൾക്കു ശേഷം ഇതരരുടെ ധനം അന്യായമായി കൈവശപ്പെടുത്തി അനുഭവിക്കുന്നത് വിലക്കിക്കൊണ്ടുള്ള സൂക്തം അവതരിപ്പിച്ചതിന് പ്രത്യേക പ്രസക്തിയുണ്ട്.

അന്യായമായി കൈവശപ്പെടുത്തിയ ധനം പ്രധാനമായി ഉപയോഗിക്കുന്നത് ഉപജീവനത്തിനു വേണ്ടി ആയതുകൊണ്ടായിരിക്കാം 'നിങ്ങൾ ഭുജിക്കരുത്' എന്ന് പ്രത്യേകം വിലക്കിയത്. അന്യായമായ സമ്പാദ്യം കൊണ്ട് ഭക്ഷണമല്ലാത്ത ഉപഭോഗങ്ങളും നിഷിദ്ധം തന്നെയാണ്. 'നിങ്ങളുടെ സ്വത്തുക്കൾ അന്യായമായി ഭുജിക്കരുത്' എന്ന പദപ്രയോഗം ഇസ്‌ലാമിക സാമ്പത്തികവീക്ഷണത്തിന്റെ ഒരു വശത്തിലേക്ക് വെളിച്ചംവീശുന്നു. സ്വത്ത് സംബന്ധിച്ച സാമൂഹ്യകൂട്ടായ്മയത്രെ അത്. സ്വത്ത് ഒരാളുടെ കൈവശത്തിലുള്ളതാണെങ്കിലും അത് അയാൾക്ക് മാത്രം പ്രയോജനപ്പെടേണ്ടതല്ല. അതിൽനിന്ന് നിർബന്ധവും ഐച്ഛികവുമായ ദാനവും മറ്റു അവകാശങ്ങളും സമൂഹത്തിലെ അർഹർക്ക് ലഭിക്കേണ്ടതുണ്ട്. അതുപോലെ തന്നെ ഒരു വിശ്വാസി തന്റെ സ്വത്തിന്റെ നേർക്കുള്ള കയ്യേറ്റം തടയുന്നതു പോലെ തന്നെ സമൂഹത്തിലെ മറ്റു അംഗങ്ങളുടെ സ്വത്തിന്റെ നേർക്കുണ്ടാകുന്ന കയ്യേറ്റവും തടയാൻ ബാധ്യസ്ഥനാകുന്നു. 'അവനവനിസം' ഇസ്‌ലാമികമല്ല. മറ്റൊരു ഖുർആൻ സൂക്തത്തിൽ ഈ വിഷയകമായ പരാമർശം ഇങ്ങനെ:

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ لَا تَأْكُلُوٓا۟ أَمْوَٰلَكُم
بَيْنَكُم بِٱلْبَـٰطِلِ إِلَّآ أَن تَكُونَ تِجَـٰرَةً عَن
تَرَاضٍ مِّنكُمْ ۚ وَلَا تَقْتُلُوٓا۟ أَنفُسَكُمْ ۚ إِنَّ ٱللَّهَ كَانَ
بِكُمْ رَحِيمًا ﴿٢٩﴾

"സത്യവിശ്വാസികളേ, നിങ്ങൾ പരസ്പരം സംതൃപ്തിയോടെ നടത്തുന്ന കച്ചവട ഇടപാട് മുഖേനയല്ലാതെ നിങ്ങളുടെ സ്വത്തുക്കൾ അന്യായമായി അന്യോന്യം എടുത്തുതിന്നരുത്. നിങ്ങൾ നിങ്ങളെത്തന്നെ കൊലപ്പെടുത്തുകയും ചെയ്യരുത്. തീർച്ചയായും അല്ലാഹു നിങ്ങളോട് ഏറെ കാരുണ്യമുള്ളവനാകുന്നു." (വി.ഖു 4:29)

യാഥാർഥ്യം, ന്യായം, യുക്തം, അവകാശം എന്നൊക്കെ അർഥമുള്ള حق എന്ന പദത്തിന്റെ വിപരീതം എന്ന നിലയിലാണ് അനേകം ഖുർആൻ സൂക്തങ്ങളിൽ باطل എന്ന പദം പ്രയോഗിച്ചിട്ടുള്ളത്. സത്യവിരുദ്ധം, അന്യായം, നിഷ്ഫലം, അവകാശമില്ലാത്തത് എന്നൊക്കെയാണ് ബാത്വിലിന്റെ വിവക്ഷ. അന്യായമായ ചില സമ്പാദ്യങ്ങളെക്കുറിച്ച് ഖുർആനിൽ പറയുന്നതിങ്ങനെ:

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوٓا۟ إِنَّ كَثِيرًا مِّنَ ٱلْأَحْبَارِ
وَٱلرُّهْبَانِ لَيَأْكُلُونَ أَمْوَٰلَ ٱلنَّاسِ بِٱلْبَـٰطِلِ
وَيَصُدُّونَ عَن سَبِيلِ ٱللَّهِ ۗ وَٱلَّذِينَ
يَكْنِزُونَ ٱلذَّهَبَ وَٱلْفِضَّةَ وَلَا يُنفِقُونَهَا فِى
سَبِيلِ ٱللَّهِ فَبَشِّرْهُم بِعَذَابٍ أَلِيمٍ ﴿٣٤﴾

"സത്യവിശ്വാസികളേ, പണ്ഡിതന്മാരിലും പുരോഹിതന്മാരിലും പെട്ട ധാരാളംപേർ ജനങ്ങളുടെ ധനം അന്യായമായി തിന്നുകയും അല്ലാഹുവിന്റെ മാർഗത്തിൽ നിന്ന് (അവരെ) തടയുകയും ചെയ്യുന്നു. സ്വർണവും വെള്ളിയും നിക്ഷേപമാക്കിവെക്കുകയും അല്ലാഹുവിന്റെ മാർഗത്തിൽ അത് ചെലവഴിക്കാതിരിക്കുകയും ചെയ്യുന്നവരാരോ അവർക്ക് വേദനയേറിയ ശിക്ഷയെക്കുറിച്ച് സന്തോഷവാർത്ത അറിയിക്കുക." (വി.ഖു 9:34)

وَأَخْذِهِمُ ٱلرِّبَوٰا۟ وَقَدْ نُهُوا۟ عَنْهُ وَأَكْلِهِمْ أَمْوَٰلَ ٱلنَّاسِ
بِٱلْبَـٰطِلِ ۚ وَأَعْتَدْنَا لِلْكَـٰفِرِينَ مِنْهُمْ عَذَابًا أَلِيمًا ﴿١٦١﴾

"പലിശ അവർക്ക് നിരോധിക്കപ്പെട്ടതായിട്ടും അവരത് വാങ്ങിയതുകൊണ്ടും, ജനങ്ങളുടെ സ്വത്തുകൾ അവർ അന്യായമായി തിന്നതുകൊണ്ടും കൂടിയാണത്. അവരിൽ നിന്നുള്ള സത്യനിഷേധികൾക്ക് നാം വേദനയേറിയ ശിക്ഷ ഒരുക്കിവെച്ചിട്ടുണ്ട്." (വി.ഖു 4:161).

وَيْلٌ لِّلْمُطَفِّفِينَ ﴿١﴾ ٱلَّذِينَ إِذَا ٱكْتَالُوا۟ عَلَى ٱلنَّاسِ
يَسْتَوْفُونَ ﴿٢﴾ وَإِذَا كَالُوهُمْ أَو وَّزَنُوهُمْ يُخْسِرُونَ
﴿٣﴾ أَلَا يَظُنُّ أُو۟لَـٰٓئِكَ أَنَّهُم مَّبْعُوثُونَ ﴿٤﴾ لِيَوْمٍ عَظِيمٍ
﴿٥﴾ يَوْمَ يَقُومُ ٱلنَّاسُ لِرَبِّ ٱلْعَـٰلَمِينَ ﴿٦﴾

"അളവിൽ കമ്മി വരുത്തുന്നവർക്ക് മഹാനാശം. അതായത് ജനങ്ങളോട് അളന്നുവാങ്ങുകയാണെങ്കിൽ തികച്ചെടുക്കുകയും ജനങ്ങൾക്ക് അളന്നോ തൂക്കിയോ കൊടുക്കുകയാണെങ്കിൽ നഷ്ടം വരുത്തുകയും ചെയ്യുന്നവർക്ക്. അക്കൂട്ടർ വിചാരിക്കുന്നില്ലേ; തങ്ങൾ ഭയങ്കരമായ ഒരു ദിവസത്തിന്നായി എഴുന്നേൽപിക്കപ്പെടുന്നവരാണെന്ന്? അതെ, ലോകരക്ഷിതാവിങ്കലേക്ക് ജനങ്ങൾ എഴുന്നേറ്റുവരുന്ന ദിവസം." (വി.ഖു 83:1–6)

ഭരണാധികാരികളെയും ന്യായാധിപന്മാരെയും സ്വാധീനിച്ചും കൈക്കൂലി കൊടുത്തും അവിഹിതമായി അ

ന്യരുടെ സ്വത്ത് കയ്യടക്കാൻ ശ്രമിക്കുന്ന കുറെ സ്വാർഥികൾ എക്കാലത്തും എല്ലാ സമൂഹങ്ങളിലും ഉണ്ടായിട്ടുണ്ട്.

ദരിദ്രർക്കും അശരണർക്കും ഇത്തരക്കാർ നിമിത്തം ഒട്ടേറെ കഷ്ടനഷ്ടങ്ങളുണ്ടായിട്ടുണ്ട്. ഇത്തരം സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ സത്യവിശ്വാസികളുടെ ഭാഗത്ത് നിന്ന് ഉണ്ടാകരുതെന്ന് അല്ലാഹു ഉണർത്തുന്നു. ഇത്തരം ആളുകൾ ധനവിനിയോഗം നടത്തുന്നതും ധനസമ്പാദനം നടത്തുന്നതും കുറ്റകരമായ രീതിയിലാണ്. അന്യായമായ കേസ് നടത്താനും അധികൃതർക്ക് കൈക്കൂലി കൊടുക്കാനും പണം ചെലവഴിക്കുന്നത് പാപവും അധർമവുമാണ്. കള്ളക്കേസും കൈക്കൂലിയും മുഖേന നേടിയെടുക്കുന്നത് പൊതുസ്വത്തായാലും ഇതരരുടെ സ്വത്തായാലും അത് ഹറാമായ സമ്പാദ്യമാകുന്നു. നീതിപീഠം വിധിച്ചുതരുന്നതൊക്കെ ഹലാലായ സമ്പാദ്യമാണെന്ന ധാരണ അബദ്ധമാണ്.

ലോകംകണ്ട ന്യായാധിപന്മാരിൽ ഏറ്റവും നീതിമാനായ മുഹമ്മദ് നബി(സ) ഈ വിഷയകമായി ഉണർത്തിയത് ഇപ്രകാരമാകുന്നു: "ഞാനൊരു മനുഷ്യൻ മാത്രമാണ്. നിങ്ങൾ എന്റെയടുത്ത് കേസുമായി വരുന്നു. നിങ്ങളിൽ ചിലർ സ്വന്തം ന്യായം സമർഥിക്കാൻ കൂടുതൽ പ്രാപ്തിയുള്ളവരായിരിക്കും. ഞാൻ കേൾക്കുന്നതിന്നനുസരിച്ചായിരിക്കും എന്റെ വിധി. അതിനാൽ ആർക്കെങ്കിലും തന്റെ സഹോദരന് അവകാശപ്പെട്ട വല്ലതും ഞാൻ വിധിച്ചുതരാൻ ഇടയായാൽ അവനത് വാങ്ങരുത്. ഞാനവന് മുറിച്ചുതരുന്നത് നരകത്തിന്റെ ഒരു കഷ്ണം മാത്രമായിരിക്കും." (പ്രവാചകപത്നി ഉമ്മുസലമ(റ)യിൽ നിന്ന് ബുഖാരിയും മുസ്ലിമും മറ്റും റിപ്പോർട്ട് ചെയ്തത്.) കള്ളക്കേസ് ജയിക്കുന്ന ഏതൊരാളും കോടതി വിധിയിലൂടെ നേടുന്നത് നരകശിക്ഷയായിരിക്കുമെന്നത്രെ ഈ നബിവചനത്തിൽ നിന്ന് ഗ്രഹിക്കാവുന്നത്. അറിഞ്ഞുകൊണ്ട് കള്ളക്കേസുകാർക്ക് അനുകൂലമായി വിധിക്കുന്നവരും വാദിക്കുന്നവരുമെല്ലാം കുറ്റത്തിൽ പങ്കാളികളാകുന്നു അവിഹിതമായി ധനസമ്പാദനം നടത്തുന്നവർക്ക് ഇഹലോകത്തോ പരലോകത്തോ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ ലഭിക്കുകയില്ല.

وَمَن يَظْلِم مِّنكُمْ نُذِقْهُ عَذَابًا كَبِيرًا ﴿١٩﴾

"അതിനാൽ (മനുഷ്യരേ,) നിങ്ങളിൽ നിന്ന് അക്രമം ചെയ്തവരാരോ അവന് നാം ഗുരുതരമായ ശിക്ഷ ആസ്വദിപ്പിക്കും." (വി.ഖു 25:19)

ശുഐബ് നബി(അ)യുടെ വാക്ക് ഖുർആനിൽ ഇപ്രകാരം ഉദ്ധരിച്ചിരിക്കുന്നു:

بَقِيَّتُ ٱللَّهِ خَيْرٌ لَّكُمْ إِن كُنتُم مُّؤْمِنِينَ ۚ وَمَآ أَنَا۠ عَلَيْكُم بِحَفِيظٍ ﴿٨٦﴾

"അല്ലാഹു ബാക്കിയാക്കിത്തരുന്നതാണ് നിങ്ങൾക്ക് ഗുണകരമായിട്ടുള്ളത്; നിങ്ങൾ വിശ്വാസികളാണെങ്കിൽ. ഞാൻ നിങ്ങളുടെ മേൽ കാവൽക്കാരനൊന്നുമല്ല." (വി.ഖു 11:86)

**هلال** എന്ന പദത്തിന്റെ ബഹുവചനമാണ് أهلة. അതിനാണ് ഇവിടെ ചന്ദ്രക്കലകൾ എന്ന് തർജമ നല്കിയത്. ഹിലാൽ എന്ന പദം കൊണ്ട് പ്രധാനമായി ഉദ്ദേശിക്കപ്പെടുന്നത് ഓരോ ചാന്ദ്രമാസത്തിലെയും ഇരുപത്തൊമ്പതാമത്തെയോ മുപ്പതാമത്തെയോ ദിവസം സന്ധ്യയ്ക്ക് പശ്ചിമചക്രവാളത്തിൽ ദൃശ്യമാകുന്ന ചന്ദ്രക്കലയാണ്. ഗോളശാസ്ത്രം വികസിക്കുന്നതിന് മുമ്പ് ന്യൂമൂൺ അഥവാ പുതുചന്ദ്രൻ എന്ന് വിളിക്കപ്പെട്ടിരുന്നതും ഈ ചന്ദ്രക്കല തന്നെയാണ്. എന്നാൽ ഗോളശാസ്ത്രം വികസിച്ചപ്പോൾ ന്യൂമൂൺ എന്നത് അമാവാസിയെയോ അതോടെ ഉരുത്തിരിയുന്ന പുതുമാസചന്ദ്രനെയോ കുറിക്കാൻ വേണ്ടി പ്രയോഗിക്കപ്പെട്ടു. ചില നിഘണ്ടുകളിൽ ഹിലാലിന് ഗോളശാസ്ത്രപരമായ ന്യൂമൂൺ എന്നും അർഥം നല്കപ്പെട്ടിട്ടുണ്ട്. എന്നാൽ നോമ്പിന്റെയും പെരുന്നാളിന്റെയും ഹജ്ജ് ദിനങ്ങളുടെയും ഗണനയ്ക്ക് നബി(സ)യും സ്വഹാബികളും അവലംബിച്ചത് പശ്ചിമ ചക്രവാളത്തിൽ ദൃശ്യമാകുന്ന ഹിലാലിനെ തന്നെയാണ്. ശഅ്ബാനിന്റെയും റമദാനിന്റെയും അവസാനത്തിൽ അഥവാ റമദാനിന്റെയും ശവ്വാലിന്റെയും ആരംഭത്തിൽ ഹിലാൽ കണ്ടുവെന്ന് സ്വഹാബികൾ നബി(സ)യെ വിവരമറിയിച്ചതും ഇതിനെ സംബന്ധിച്ച് തന്നെയാണ്.

എന്നാൽ 2:189 സൂക്തത്തിലെ *അഹില്ലഃ* (ഹിലാലുകൾ) എന്ന പദം കൊണ്ട് ഉദ്ദേശിക്കപ്പെട്ടതെന്താണ് എന്ന വിഷയത്തിൽ എല്ലാ വ്യാഖ്യാതാക്കളും ഏകാഭിപ്രായക്കാരല്ല. അധിക വ്യാഖ്യാതാക്കളുടെയും അഭിപ്രായപ്രകാരം വിശ്വാസികൾ നബി(സ)യോട് ചോദിച്ചത് ചന്ദ്രന്റെ വൃദ്ധിക്ഷയങ്ങളെ സംബന്ധിച്ചാണ്. അതായത് മാസാരംഭം മുതൽ പൗർണമി വരെ ചന്ദ്രക്കല ഓരോ ദിവസവും വികസിച്ചുകൊണ്ടിരിക്കുകയും തുടർന്ന് അമാവാസി വരെ ദിവസേന ചുരുങ്ങിക്കൊണ്ടിരിക്കുകയും ചെയ്യുന്നതിന്റെ കാരണത്തെ സംബന്ധിച്ചാണ്. ഇബ്നുഅബ്ബാസി(റ)ൽ നിന്നുള്ള ഒരു റിപ്പോർട്ട് ഈ അഭിപ്രായത്തിന് പിൻബലമേകുന്നുണ്ട്. ചോദ്യം ഓരോ മാസത്തിന്റെയും ആരംഭത്തിൽ ദൃശ്യമാകുന്ന ചന്ദ്രക്കലകളെ കുറിച്ചാകാനും സാധ്യതയുണ്ട്. വൃദ്ധിക്ഷയങ്ങളുടെ ഒരു ഘട്ടത്തിന്റെ പരിസമാപ്തിയിലാണല്ലോ ഹിലാൽ ദൃശ്യമാകുന്നത്. ഇബ്നു അബ്ബാസി(റ)ൽ നിന്നുള്ള റിപ്പോർട്ടനുസരിച്ച് ചോദ്യകർത്താക്കൾ ആഗ്രഹിച്ചത് ഓരോ ദിവസവും ചന്ദ്രന്റെ വലുപ്പത്തിലുണ്ടാകുന്ന വ്യത്യാസത്തിന്റെ കാരണമറിയാനാണ്. എന്നാൽ അല്ലാഹു മുഹമ്മദ് നബി(സ)യെ നിയോഗിച്ചതും ഖുർആൻ അവതരിപ്പിച്ചതും ഗോളശാസ്ത്രമോ ഗണിതശാസ്ത്രമോ പഠിപ്പിക്കാൻ വേണ്ടിയല്ലാത്തതിനാൽ, ഹിലാലുകൾ കൊണ്ട് ലൗകികവും മതപരവുമായ വിഷയങ്ങളിൽ മനുഷ്യർക്കുള്ള പ്രയോജനങ്ങളെ അല്ലാഹുവിന്റെ ദൃഷ്ടാന്തമെന്ന നിലയിൽ ചോദ്യകർത്താക്കളുടെ ശ്രദ്ധയിൽ പെടുത്താനാണ് അല്ലാഹു നബി(സ)യോട് നിർദേശിക്കുന്നത്.

ഇക്കാലത്ത് സൂര്യഗതിയുമായി ബന്ധപ്പെടുത്തി ദിവസവും മാസവും വർഷവും ഗണിക്കുന്നവരാണ് ലോകത്ത് ഏറെയുള്ളത്. എന്നാൽ ഒരു മാസക്കാലയളവ് കൃത്യമായി ഗണിക്കാൻ കഴിയുന്നത് ചന്ദ്രഗതിക്കനുസരിച്ച് മാത്രമാണ്. എക്കാലത്തുള്ളവർക്കും ചന്ദ്രമാസപ്പിറവി ദൃശ്യമാണ്. എന്നാൽ സൗരമാസത്തിൽ 28 മുതൽ 31 വരെ ദിവസങ്ങളുടെ എണ്ണം വ്യത്യസ്തമാണ്. ഫെബ്രുവരി മാസം ശോഷിച്ചുപോയതിനോ ജൂലൈ, ആഗസ്ത് മാസങ്ങൾ ദീർഘമായതിനോ ഗോളശാസ്ത്രപരമായ കാരണങ്ങളൊന്നുമില്ല. കലണ്ടറില്ലെങ്കിൽ ചക്രവാളത്തിലേക്ക് നോക്കി സൗരതിയ്യതികൾ

മനസ്സിലാക്കാൻ കഴിയില്ല. സൗരമാസത്തിന്റെ തുടക്കവും ഒടുക്കവും തിട്ടപ്പെടുത്താൻ ചക്രവാളത്തിലൊന്നും യാതൊരു ദൃഷ്ടാന്തവുമില്ല. അതിനാൽ നിരക്ഷരകുക്ഷികൾ ഉൾപ്പെടെ ലോകത്തെങ്ങും എല്ലാ കാലത്തുമുള്ളവർക്ക് വിവിധ ലൗകിക ആവശ്യങ്ങൾക്കും നോമ്പിനും പെരുന്നാളിനും ഹജ്ജിനുമെല്ലാം കാലഗണനയക്ക് ഹിലാലുകളെ ആധാരമാക്കാൻ കഴിയുന്നത് അല്ലാഹുവിന്റെ ഒരു ദൃഷ്ടാന്തമെന്ന നിലയിൽ വിലയിരുത്തുകയാണ് വിശ്വാസികൾ ചെയ്യേണ്ടത്. ഹജ്ജ് യാത്രയ്ക്കും മടക്കയാത്രയ്ക്കും ഹജ്ജ് കർമങ്ങൾക്കുമെല്ലാം മാസവും തിയ്യതിയും കൂടുതൽ പ്രസക്തമായതുകൊണ്ടായിരിക്കാം അത് പ്രത്യേകം പരാമർശിച്ചത്. ഈ വിഷയകമായി ഖുർആനിലുള്ള മറ്റൊരു പരാമർശം ഇങ്ങനെ:

هُوَ ٱلَّذِى جَعَلَ ٱلشَّمْسَ ضِيَآءً وَٱلْقَمَرَ نُورًا وَقَدَّرَهُۥ مَنَازِلَ لِتَعْلَمُوا۟ عَدَدَ ٱلسِّنِينَ وَٱلْحِسَابَ ۚ مَا خَلَقَ ٱللَّهُ ذَٰلِكَ إِلَّا بِٱلْحَقِّ ۚ يُفَصِّلُ ٱلْـَٔايَٰتِ لِقَوْمٍ يَعْلَمُونَ ٥

"സൂര്യനെ ഒരു പ്രകാശമാക്കിയത് അവനാകുന്നു; ചന്ദ്രനെ അവനൊരു ശോഭയാക്കുകയും അതിന് ഘട്ടങ്ങൾ നിർണയിക്കുകയും ചെയ്തിരിക്കുന്നു. നിങ്ങൾ കൊല്ലങ്ങളുടെ എണ്ണവും കണക്കും അറിയുന്നതിനു വേണ്ടി. യഥാർഥ മുറപ്രകാരമല്ലാതെ അല്ലാഹു അതൊന്നും സൃഷ്ടിച്ചിട്ടില്ല. മനസ്സിലാകുന്ന ആളുകൾക്ക് വേണ്ടി അല്ലാഹു തെളിവുകൾ വിശദീകരിക്കുന്നു." (വി.ഖു 10:5)

അറബികളിൽ ചിലർ ഹജ്ജിന് ഇഹ്റാം ചെയ്താൽ വീടുകളിലോ തമ്പുകളിലോ മുൻവാതിലുകളിലൂടെ പ്രവേശിക്കുമായിരുന്നില്ല. മറ്റു ചിലർ ഹജ്ജ് കഴിഞ്ഞ് നാട്ടിൽ തിരിച്ചെത്തുമ്പോഴാണ് മുൻവാതിൽ പ്രവേശനം ഒഴിവാക്കിയിരുന്നത്. ഇത്തരം സന്ദർഭങ്ങളിൽ പിൻവാതിലിലൂടെയോ മേൽപുരയിലെ വിടവിലൂടെയോ വീട്ടിൽ പ്രവേശിക്കുന്നതാണ് പുണ്യകരം എന്നായിരുന്നു അവരുടെ ധാരണ. ഈ അബദ്ധധാരണയെ തിരുത്തുന്നതാണ് وليس البر എന്ന് തുടങ്ങുന്ന വാക്യം. മോക്ഷം കൈവരിക്കാൻ ഇത്തരം വിചിത്രസമ്പ്രദായങ്ങളല്ല അല്ലാഹുവിന്റെ വിധിവിലക്കുകൾ പാലിക്കുകയാണ് വേണ്ടത്. ●

## കെ എൻ എം കോഴിക്കോട് നോർത്ത് ജില്ല
## കൗൺസിലും ഇഫ്താർമീറ്റും

**ജൂലൈ 29 (ഞായർ) 1 pm**
**കൊയിലാണ്ടി ഇസ്‌ലാഹി കൾച്ചറൽ കോംപ്ലക്സ്**

**പങ്കെടുക്കുന്നവർ**

**ഡോ. ജാമാലുദ്ദീൻ ഫാറൂഖി**
**എ അസ്ഗറലി, സഈദ് തളിയിൽ**
**എസ് ഇർഷാദ് സ്വലാഹി**
**എൻ കെ എം സക്കരിയ്യ**
**ടി പി മൊയ്തു, നൗഷാദ് കുറ്റ്യാടി**


www.nigellas.in

ISO 9001:2008

കരിഞ്ചീരകസത്തും
കരിഞ്ചീരക ഔഷധങ്ങളും
മാത്രം നിർമ്മിക്കുന്ന കേരളത്തിലെ
ഏക സ്ഥാപനം

nigella's
HERBAL HEALTHCARE




നൈഗല്ലാസ്
ബ്ലാക്ക് സീഡ് ഓയിൽ
(കരിഞ്ചീരക സത്ത്)

നൈഗല്ലാസ് കരിഞ്ചീരക സത്ത് ഗുണമേന്മയുള്ള കരിഞ്ചീരക മണികൾ പ്രത്യേകം തിരഞ്ഞെടുത്ത് നവീന സാങ്കേതിക വിദ്യയിൽ സ്വന്തം പ്ലാന്റിൽ തന്നെ നിർമ്മിക്കുന്നതിനാൽ ഞങ്ങൾക്ക് ഉന്നത ഗുണനിലവാരം ഉറപ്പു നൽകാൻ കഴിയുന്നു.

നൈഗല്ലാസ് കരിഞ്ചീരക സത്ത് വിധിപ്രകാരമുള്ള Crude Extract Processing രീതി ആയതിനാൽ ഗുണമേന്മകൾ നഷ്ടപ്പെടുത്തുന്ന Multi Filtration ചെയ്യുന്നില്ല. ആയതിനാൽ കരിഞ്ചീരകത്തിലെ പ്രധാന ഘടകങ്ങൾ സംരക്ഷിക്കപ്പെടുന്നു.

അംഗീകാരമുള്ളത് മാത്രം ചോദിച്ചുവാങ്ങു

Nigella's Herbal Healthcare, Calicut - 673304, Kerala, India.
Customer care: 9745005600

കേരളാ ഡ്രഗ് കൺട്രോൾ അതോറിറ്റി
അംഗീകരിച്ച ആദ്യത്തെ കരിംജീരകസത്ത്